ISSN: 2394-9791

ഭൂമി മലയാളം

വിദ്വാൻ പി.ജി.നായർ സ്മാരക ഗവേഷണകേന്ദ്രം
മലയാളവിഭാഗം, യു.സി.കോളേജ്, ആലുവ

Book 8/ Issue 1/ January 2016



# മലയാള നാടകം
## സമീപനങ്ങളും സാധ്യതകളും

എഡിറ്റർ
ഡോ. വിധു നാരായൺ

മലയാള നാടകം: സമീപനങ്ങളും സാധ്യതകളും

മലയാള നാടകം
സമീപനങ്ങളും സാധ്യതകളും

നാടകപ്രവർത്തനങ്ങളാൽ സമ്പന്നമാണു കേരളമെങ്കിലും നാടകസംബന്ധിയായ പഠനങ്ങളും ഗവേഷണങ്ങളും മലയാളത്തിൽ പരിമിതമാണ്. *മലയാള നാടകം: സമീപനങ്ങളും സാധ്യതകളും* എന്ന പൊതുശീർഷകത്തിലുള്ള ഭൂമിമലയാളത്തിന്റെ എട്ടാം ലക്കം ഈ പ്രശ്നത്തെ മറികടക്കാനുള്ള എളിയ ശ്രമമാണ്. നാടകഭാഷ, രംഗബിംബം, പ്രകടനപരത, അഭിനയസങ്കേതം, വേദി, വിവർത്തനാനുവർത്തനം തുടങ്ങിയ വിഷയങ്ങളിലൂന്നിയുള്ള ലേഖനങ്ങൾ നാടകപഠനത്തിലെ പുത്തൻപുതുമകളാണ്. കൂടാതെ റേഡിയോനാടകം, കാവ്യനാടകം എന്നീ ജനുസ്സുകൾ ഇവിടെ കൂടുതൽ വിവൃതമാവുന്നു. ട്രാൻസ്ജെൻഡർ നാടകവേദി, ദലിത്നാടകവേദി, സ്ത്രീനാടകവേദി, തനതുനാടകവേദി തുടങ്ങിയ നാടകവേദികളെപ്പറ്റിയുള്ള പഠനങ്ങൾ നാടകത്തിന്റ സൗന്ദര്യശാസ്ത്രം മാത്രമല്ല പ്രത്യയശാസ്ത്രവും തുറന്നുകാട്ടുന്നു.

എഡിറ്റർ
ഡോ. വിധു നാരായൺ

ISSN: 2394-9791

ഭൂമി മലയാളം

സെമിനാർ പ്രബന്ധങ്ങളുടെ സമാഹാരം

വിദ്വാൻ പി.ജി.നായർ സ്മാരക ഗവേഷണകേന്ദ്രം
മലയാളവിഭാഗം, യു. സി. കോളേജ്, ആലുവ

6. Benjamin, Walter, "The Task of the Translator" (introduction to a Baudelaire translation, 1923; this text translated by Harry Zohn, 1968) [This is taken from the anthology, *The Translation Studies Reader*, ed. Lawrence Venuti (London: Routledge, 2000)].
7. Bhabha, Homi K.,*The Location of Culture*,1994, Routledge, London and New York.
8. Dincel, Burc Dem, *Krapp's Last Tape on Stage in Translation: Unwinding Beckett's Spool in Turkey*, 2012, Cambridge Scholars Publishing, Cambridge.
9. Gontarski, Stanley, E., *The Faber Campanion to Samuel Beckett: A Readers Guide to His Life, Works and Thought*, 2006, Faber and Faber, London.
10. Malkin, Jeanette, *Memory-Theatre and Postmodern Drama*, 1999, Ann Arbour: University of Michigan Press, Michigan.
11. Pavis, Patrice, *Theatre at the Crossroads of Culture*, 1991, Routledge, London.
12. Salter, Dennis, *Acting Shakespeare in a Postcolonial Space*, 1996, Cambridge Universtiy Press, Cambridge.
13. Schechner, Richard, *The End of Humanism*, 1982, PAJ Books, New York.
14. Scolnicov, Hanna and Peter Holland (Ed.), *The Play Out of Context: Transferring Plays from Culture to Culture*,1989, Cambridge Universtiy Press, Cambridge.
15. Shahid Ali, Agha, *Rooms are Never Finished*, 2003, W.W.Norton, London.




# ഋഷ്യശൃംഗനും അലക്സാണ്ടറും കാവ്യനാടക സ്വരൂപപഠനം

ഡോ. ദേവി കെ.

**കാ**വ്യം, നാടകം എന്നീ രണ്ടു രൂപങ്ങളുടെ സമന്വയമാണ് കാവ്യനാടകം. കാവ്യത്തിന് ഭാരതീയചിന്ത വിശാലമായ അർത്ഥമാണ് നൽകുന്നത്. ഭാമഹൻ മുതൽ അനേകം ചിന്തകർ കാവ്യത്തെ ശബ്ദാർത്ഥങ്ങളുടെ സഹിതത്വമായും ദോഷരഹിതമായ ഒന്നായും വ്യാഖ്യാനിച്ചു. നാടകമാകട്ടെ ദശരൂപകങ്ങളിൽ ഒന്നാണ്. രംഗപ്രയോഗാർഹമായ കലയാണത്.

പാശ്ചാത്യർ കാവ്യനാടകത്തെ ' poetic drama' എന്നു വ്യവഹരിച്ചു. poetry യും drama യും ചേർന്ന ഒരു കലാരൂപമെന്ന അർത്ഥവിവക്ഷയാണ് poetic drama യ്ക്കുള്ളത്. പാശ്ചാത്യ നാടകവേദിയുടെ ഉത്ഭവം രണ്ടുവിധത്തിലാണ്. ഒന്ന്, ഗ്രീക്ക് ക്ഷേത്രങ്ങളിലെ ഉത്സവങ്ങളോട് അനുബന്ധിച്ച് നടന്ന ഗ്രീക്ക് നാടകവേദിയും രണ്ട്, മധ്യകാല യൂറോപ്യൻ പള്ളികളിലെ അനുഷ്ഠാനങ്ങളിൽനിന്ന് വികസിച്ച നാടകവേദിയും. രണ്ടും കാവ്യമാതൃകയിലുള്ളവയായിരുന്നു. ഗ്രീക്കുനാടകങ്ങളിൽ ട്രാജഡികൾ കാവ്യാത്മകങ്ങളായിരുന്നു. കോമഡികൾ അധികവും ഗദ്യരൂപത്തിലുമായിരുന്നു. ഭാവതീവ്രമായ ആവിഷ്കാരത്തിന് പറ്റിയ മാധ്യമമായാണ് ഗ്രീക്കു നാടകകൃത്തുക്കൾ കാവ്യത്തെ കണ്ടത്. അതുകൊണ്ടാണ് ട്രാജഡിയുടെ ഭാഷാമാധ്യമം കാവ്യമായത്. ഏതാണ്ട് പതിനേഴാം നൂറ്റാണ്ടുവരെ ട്രാജഡികൾ കാവ്യരൂപത്തിലാണ് അവതരിപ്പിച്ചത്. പിന്നീട് വിക്ടോറിയൻ കാലഘട്ടത്തിൽ ഷേക്സ്പിയർ നാടകങ്ങളിലൂടെ കാവ്യനാടകസ്വരൂപം പ്രതിഷ്ഠ നേടി. തന്റെ കാലഘട്ടത്തിലെ ഭാഷാസമ്പത്തിന്റെ സാധ്യതകൾ മുഴുവൻ ഷേക്സ്പിയർ നാടകരചനയ്ക്ക് ഉപയോഗിച്ചു. നാടകീയാനുഭൂതികൾ ദീപ്തമായി അവതരിപ്പിക്കുന്ന ഷേക്സ്പിയർ നാടകങ്ങളിൽനിന്ന് ഊർജ്ജം ഉൾക്കൊണ്ട റൊമാന്റിക് കവികൾ നാടകീയകാവ്യങ്ങൾ രചിച്ചു. ഈ കാവ്യങ്ങളിലൂടെ നാടകത്തിന്റെ അനുഭൂതികൾ ആസ്വദിക്കുകയായിരുന്നു ലക്ഷ്യം. വേർഡ്സ്വർത്തിന്റെ 'ദ ബോഡേഴ്സ്', കോളറി

(ഡോ. ദേവി കെ: അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം, എൻ.എസ്.എസ്. കോളേജ് ഫോർ വിമെൻ, നീറമൺകര, തിരുവനന്തപുരം)

കവിതയിൽ ധ്വനിപ്പിക്കുന്നു. വിഷകന്യകയായ ലളിത അലക്സാണ്ടറെ പിന്തുടരുന്ന മരണത്തിന്റെ പ്രതീകമാണ്. പൂർണമായും ശുഭാന്തനാടകമെന്നോ ദുരന്തനാടകമെന്നോ ഈ നാടകത്തെ വിശേഷിപ്പിക്കാൻ കഴിയില്ല. നാടകത്തിലെ നായക കഥാപാത്രമായ അലക്സാണ്ടർ ധീരോദാത്തനും അതിപ്രതാപ ഗുണവാനും വിഖ്യാതവംശജനുമായ ചക്രവർത്തിയാണ്. ഇതിവൃത്തം പ്രഖ്യാതമായ ചരിത്രകഥയെ ആസ്പദമാക്കിയുള്ളതാണ്. ഈ ഘടകങ്ങളിൽ ഭാരതീയ നാടകഘടനയുടെ സ്വാംശീകരണം കാണാം.

രണ്ടു കാവ്യനാടകങ്ങളെയും ചേർത്തുവെക്കുമ്പോൾ, ദുഃഖത്തിന്റെ മുള്ളെടുത്തുകളയാതെ വിഭണ്ഡകൻ കാൽ മരവിപ്പിക്കുകയാണെങ്കിൽ, അന്യരുടെ പുറത്തു സവാരി ചെയ്യുകയാണ് അലക്സാണ്ടർ. ഐഹിക വ്യർത്ഥതയുടെ പാഠമാണ് ഇന്ത്യൻ തത്വശാസ്ത്രം അലക്സാണ്ടറെ പഠിപ്പിച്ചുവിടുന്നത്. രണ്ടു നാടകങ്ങളിലും അതിമാനുഷരുടെ വിധി ആവർത്തിക്കുന്നു. വിഭണ്ഡകന്റെ കാർക്കശ്യമാണ് തകർന്നടിഞ്ഞതെങ്കിൽ അലക്സാണ്ടറുടെ ഐഹികമോഹങ്ങളാണ് തകർന്നടിയുന്നത്. ഞാൻ വീണ്ടും വരും എന്നുപറഞ്ഞ് മടങ്ങുന്ന അലക്സാണ്ടറിലൂടെ അധിനിവേശ ചരിത്രങ്ങളുടെ ആവർത്തനസൂചന ലഭിക്കുന്നു.

അരങ്ങിൽ കാവ്യനാടകം അവതരിപ്പിക്കുമ്പോൾ നാടകത്തിൽ അലിഞ്ഞുചേർന്ന കവിത, അഭിവ്യഞ്ജിപ്പിച്ചുകാട്ടേണ്ട കാവ്യസങ്കൽപ്പം എന്നിവ ഉത്തമ കാവ്യാസ്വാദകന്റെ ശേഷിയോടെ നിർവ്വഹിക്കേണ്ടതായുണ്ട്. സംവിധായകൻ കാവ്യവ്യാഖ്യാതാവിനെപ്പോലെ ഇമേജിന്റെ അർത്ഥസമ്പത്തും സൗന്ദര്യവും നടീനടന്മാരിലേക്ക് പകരണം. അഭിനയം ലോകധർമ്മിയായ രീതിവിട്ടു നാട്യധർമ്മിയിലേക്ക് മാറണം. ധ്വന്യാത്മകമായ സ്വരൂപമാണ് കാവ്യനാടകത്തിനുള്ളത്. ഇത്രയുമായാലേ പൂർണമായ അർത്ഥവ്യാപ്തി സഹൃദയരിലേക്ക് പകരാനാവൂ.

ഋഷ്യശൃംഗനും അലക്സാണ്ടർക്കും ശേഷം മലയാളത്തിൽ ചുരുക്കം കാവ്യനാടകങ്ങൾ ഉണ്ടായിട്ടുണ്ട്. അയ്യപ്പപ്പണിക്കർ, നെല്ലിക്കൽ മുരളീധരൻ, ഡി.വിനയചന്ദ്രൻ തുടങ്ങിയവരുടെ കാവ്യനാടകങ്ങൾ ഈ രംഗത്ത് മുതൽക്കൂട്ടാണ്.

തനതുനാടകങ്ങളിൽ കാവ്യനാടകത്തിന്റെ ആത്മാംശമുണ്ട്. കാവ്യനാടകാവതരണത്തിനുള്ള സാധ്യതകൾ മലയാള നാടകവേദിയിലുണ്ട്. വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തുന്നില്ലെന്ന് മാത്രം.

## കുറിപ്പുകൾ

1. ഋഷ്യശൃംഗൻ, പുറം 402
2. ഋഷ്യശൃംഗൻ, പുറം 395
3. ഋഷ്യശൃംഗൻ, പുറം 387
4. ഋഷ്യശൃംഗൻ, പുറം 365
5. ഋഷ്യശൃംഗൻ, പുറം 393





6. ഋഷ്യശൃംഗൻ, പുറം 387
7. ഋഷ്യശൃംഗൻ, പുറം 391
8. ഋഷ്യശൃംഗൻ, പുറം 393

## സഹായകഗ്രന്ഥങ്ങൾ

1. ഉണ്ണികൃഷ്ണൻ സി.എൻ (സമ്പാ:), നാടും നാടകവും, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, ഡിസംബർ 2001
2. നാരായണപ്പിഷാരടി കെ.പി. (വിവ.), നാട്യശാസ്ത്രം വോള്യം 2, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1979
3. വത്സലാ ബേബി ഡോ., നാടകത്തിന്റെ കഥ, ചിന്താ പബ്ലിഷേഴ്സ്, 2007
4. വിഷ്ണുനാരായണൻ നമ്പൂതിരി, നാടകത്തിലെ കവിത, വൈലോപ്പിള്ളിയുടെ സമ്പൂർണ്ണകൃതികൾ, കറന്റ് ബുക്സ്, തൃശ്ശൂർ
5. ശങ്കരപ്പിള്ള ജി., നാടകദർശനം, ഡി.സി ബുക്സ്, കോട്ടയം, 1990
6. ശ്രീധരമേനോൻ വൈലോപ്പിള്ളി, വൈലോപ്പിള്ളിയുടെ സമ്പൂർണകൃതികൾ, കറന്റ് ബുക്സ്, തൃശ്ശൂർ
7. Annia Gowda, H.H, The Revival of English Poetic drama, Govt. Press, Bangloe, 1963
8. Misra K.S., Twentieth Century English poetic Drama